എ.വൈ.ആർ

ഓരോ സസ്യത്തിന്റെയും ഫലങ്ങളും രൂപവും ആഗമനവും തിരോധാനവും പുനരാഗമനവുമെല്ലാം അല്ലാഹുവിന്റെ സൃഷ്ടിവൈഭവത്തെയും അനുഗ്രഹദാനത്തെയും മനുഷ്യന്റെ മരണാനന്തര ഉയിർത്തെഴുന്നേൽപ്പിനെയും പ്രകാശനം ചെയ്യുന്നുവെന്ന് സത്യാന്വേഷികൾക്ക് അനായാസം കണ്ടെത്താനാകും. എന്നിട്ടും ഈയാളുകൾ ശിക്ഷാരൂപത്തിൽ വന്നുഭവിക്കുന്ന ദൃഷ്ടാന്തങ്ങൾ തന്നെ കാണണമെന്ന് വാശിപിടിക്കുന്നത് പടുവിഡ്ഢിത്തമല്ലാതൊന്നുമല്ല.



---

إِنْ نَشَأْ نُنَزِّلْ عَلَيْهِم مِّنَ السَّمَاءِ آيَةً فَظَلَّتْ أَعْنَاقُهُمْ لَهَا خَاضِعِينَ ﴿٤﴾

4. നമുക്ക് വേണമെങ്കിൽ അവർക്കു താങ്ങാനാവാത്ത ഒരു ദൃഷ്ടാന്തം മാനത്തുനിന്ന് ഇറക്കാൻ കഴിയും.

وَمَا يَأْتِيهِم مِّن ذِكْرٍ مِّنَ الرَّحْمَٰنِ مُحْدَثٍ إِلَّا كَانُوا عَنْهُ مُعْرِضِينَ ﴿٥﴾

5. കരുണാവാരിധിയിൽനിന്നുള്ള ഉദ്ബോധനം പുതുതായി വരുമ്പോഴൊക്കെയും ജനം അവഗണിച്ചുതള്ളുകയാണ്.

فَقَدْ كَذَّبُوا فَسَيَأْتِيهِمْ أَنبَاءُ مَا كَانُوا بِهِ يَسْتَهْزِئُونَ ﴿٦﴾

6. അവരിതാ, ഇപ്പോഴും നിഷേധിച്ചിരിക്കുന്നുവല്ലോ. ശരി, അവർ പുഛിച്ചുതള്ളുന്ന സന്ദേശത്തിന്റെ വിവരങ്ങൾ അടുത്തുതന്നെ അവർ അറിയുന്നുണ്ട്.

**4-6**

إِنْ نَشَأْ = നാമുദ്ദേശിക്കുന്നുവെ(നമുക്കു വേണമെ)ങ്കിൽ  نُنَزِّلْ = നാം ഇറക്കും (നമുക്ക് ഇറക്കാൻ കഴിയും)

عَلَيْهِمْ = അവർക്കുമേൽ  مِنَ السَّمَاءِ = മാനത്തുനിന്ന്  آيَةً = ഒരു ദൃഷ്ടാന്തത്തെ

فَظَلَّتْ أَعْنَاقُهُمْ لَهَا خَاضِعِينَ = (അവർക്കു താങ്ങാനാവാത്ത) അതുവഴി അവരുടെ കഴുത്തുകൾ അതിന് കീഴ്പ്പെട്ടവയായിത്തീരുന്നു

وَمَا يَأْتِيهِمْ = (വരുമ്പോഴൊക്കെയും) അവർക്കു വരുന്നില്ല  مِنْ ذِكْرٍ = ഉദ്ബോധനത്താൽ

مِنَ الرَّحْمَٰنِ = കരുണാവാരിധിയിൽനിന്നുള്ള  مُحْدَثٍ = പുതുതായ

إِلَّا كَانُوا عَنْهُ مُعْرِضِينَ = അവരതിൽനിന്ന് അവഗണിച്ചു പിന്തിരിഞ്ഞവരായിട്ടല്ലാതെ
(ജനം അതിനെ അവഗണിച്ചുതള്ളുകയാണ്)

فَقَدْ كَذَّبُوا = (അവരിതാ ഇപ്പോഴും നിഷേധിച്ചിരിക്കുകയാണല്ലോ) തീർച്ചയായും അവർ കളവാക്കിക്കഴിഞ്ഞു

فَسَيَأْتِيهِمْ = (അവർ അറിയുന്നുണ്ട്) അതിനാൽ അടുത്തുതന്നെ അവർക്ക് വരുന്നു  أَنْبَاءُ = വിവരങ്ങൾ

مَا كَانُوا بِهِ يَسْتَهْزِئُونَ = (പുഛിച്ചുതള്ളുന്ന സന്ദേശത്തിന്റെ) അവർ പരിഹസിക്കുന്നതിന്റെ

عُنُق(കഴുത്ത്,പിടലി)-ന്റെബഹുവചനമാണ് أعناق. ഇവിടെ ഇതുകൊണ്ടുദ്ദേശ്യം ആളുകളുടെ കഴുത്തും പിടലിയും തന്നെയാവാം. ജന ത്തിലെ പ്രമുഖന്മാരെയും പ്രമാണിമാരെയും സൂചിപ്പിക്കാനും أعناق ഉപയോഗിക്കും. കീ ഴ്പ്പെടുക, വഴിപ്പെടുക, സമർപ്പിതമാവുക എന്നൊക്കെ അർഥമുള്ള خضوع -ൽനി ന്നുള്ള ബഹുവചന കർതൃപദമാണ് خاضعين . സാധാരണ പ്രയോഗം أعناقهم خاضعة എന്നാണ്. ഇവിടെ خاضعين എന്നുപയോഗിച്ചത് أعناقهم എന്നതിലെ هم എന്ന ബഹുവചന സർവനാമം പരിഗണിച്ചാണെന്ന് കരുതപ്പെടുന്നു. സൂക്തം പറയുന്നതിതാണ്: ഇക്കൂട്ടർ സത്യം വിശ്വസിക്കാൻ ദിവ്യദൃഷ്ടാന്തങ്ങൾ ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണല്ലോ. ദൃഷ്ടാന്തങ്ങളവതരിപ്പിക്കാൻ അല്ലാഹുവിന് പ്രയാസമൊന്നുമില്ല. പക്ഷേ ആളുകൾ അത്ഭുതം കണ്ട് വിസ്മയിച്ച് വിശ്വസിക്കുന്നതല്ല അല്ലാഹു ഇഷ്ടപ്പെടുന്നത്; മറിച്ച് യാഥാർഥ്യങ്ങൾ ആലോചിച്ചറിഞ്ഞ് ബോധപൂർവം വിശ്വസിക്കുന്നതാണ്. അല്ലാഹുവിനു വേണമെങ്കിൽ ഈ അവിശ്വാസികളുടെ കഴുത്ത് കുഴഞ്ഞുപോകുന്നു, അല്ലെങ്കിൽ പ്രവാചകനു കീഴടങ്ങുകയല്ലാതെ അവർക്കും അവരുടെ പ്രമാണിമാർക്കും ഗത്യന്തരമില്ലാതാകുന്ന തരത്തിലുള്ള ഒരു ദൃഷ്ടാന്തം ഇറക്കാവുന്നതാണ്. പക്ഷേ, നിർബന്ധിതാവസ്ഥ കൊണ്ടുള്ള വിശ്വാസമല്ല, ബോധപൂർവം സ്വതന്ത്രമായി കൈക്കൊള്ളുന്ന വിശ്വാസമാണ് അല്ലാഹുവിങ്കൽ ഏറെ പരിഗണനീയമായിട്ടുള്ളത്. അതുകൊണ്ടാണ് അല്ലാഹു പ്രവാചകന്മാരെ മാന്ത്രിക ദണ്ഡുമായി അയക്കാതെ വേദഗ്രന്ഥവും ന്യായപ്രമാണവുമായി അയക്കുന്നത്. പക്ഷേ രോഗശമനത്തിനായി വൈദ്യൻ എത്രത്തോളം പാടുപെട്ടു ശുശ്രൂഷിക്കുകയും ഔഷധപ്രയോഗം നടത്തുകയും ചെയ്യുന്നുവോ അത്രത്തോളം വൈദ്യനെയും മരുന്നുകളെയും വെറുക്കുന്ന രോഗികളെപ്പോലെയാണ് പൊതുവിൽ ജനങ്ങളുടെ അവസ്ഥ. അല്ലാഹു അവന്റെ ദൂതനിലൂടെ വൈവിധ്യമാർന്ന നവംനവമായ ശൈലികളിലും രീതികളിലും അവരെ സത്യബോധനം ചെയ്യുന്നു. അവരോ, ദൈവദൂതനെയും വേദസൂക്തങ്ങളെയും ശത്രുതയോടെ പുച്ഛിച്ചുതള്ളി അകന്നുപോയ്ക്കൊണ്ടിരിക്കുകയും ചെയ്യുന്നു. ഇനി ദൈവിക സൂക്തങ്ങളും സത്യമാർഗവും തള്ളിക്കളയുന്നതിന്റെ അനന്തരഫലമായി അനുഭവിക്കുമെന്ന് താക്കീതു ചെയ്തിട്ടുള്ള മഹാവിപത്തുകൾ മാത്രമേ ബാക്കിയുള്ളൂ. ഇന്നല്ലെങ്കിൽ നാളെ അതവർ നേരിടുകതന്നെ ചെയ്യും. *അൽഫുർഖാൻ* അവസാന സൂക്തം നൽകിയതു പോലുള്ള മുന്നറിയിപ്പാണിത്. ■

أَوَلَمْ يَرَوْا إِلَى الْأَرْضِ كَمْ أَنبَتْنَا فِيهَا مِن كُلِّ زَوْجٍ كَرِيمٍ ﴿٧﴾

إِنَّ فِي ذَٰلِكَ لَآيَةً ۖ وَمَا كَانَ أَكْثَرُهُم مُّؤْمِنِينَ ﴿٨﴾

وَإِنَّ رَبَّكَ لَهُوَ الْعَزِيزُ الرَّحِيمُ ﴿٩﴾

7. ഈ ജനം ഭൂമിയിലേക്ക് നോക്കിയില്ലയോ, നാം എത്രയാണതിൽ ഓരോരോ മുന്തിയ സസ്യവർഗങ്ങൾ മുളപ്പിച്ചിട്ടുള്ളതെന്ന്?

8. തീർച്ചയായും ഇതിൽ വലിയ ദൃഷ്ടാന്തം തന്നെയുണ്ട്. പക്ഷേ, ജനത്തിലേറെപ്പേരും വിശ്വസിക്കുന്നവരായിട്ടില്ല.

9. എന്നാൽ, നിന്റെ വിധാതാവ് അജയ്യ പ്രതാപിയും ദയാപരനും തന്നെയാകുന്നു.

**7-9**

أَوَلَمْ يَرَوْا = അവർ (ഈ ജനം) നോക്കിയില്ലയോ إِلَى الْأَرْضِ = ഭൂമിയിലേക്ക്
كَمْ أَنبَتْنَا فِيهَا = നാം എത്രയാണതിൽ മുളപ്പിച്ചിട്ടുള്ളതെന്ന്
مِن كُلِّ زَوْجٍ كَرِيمٍ = എല്ലാ ഓരോ മുന്തിയ വർഗത്തിൽനിന്നും (ഓരോരോ മുന്തിയ സസ്യവർഗങ്ങൾ)
إِنَّ فِي ذَٰلِكَ = തീർച്ചയായും അ(ഇ)തിൽ ഉണ്ട് لَآيَةً = (വലിയ) ദൃഷ്ടാന്തം തന്നെ
وَمَا كَانَ أَكْثَرُهُم = അവരിലധികവും ആയിട്ടില്ല (ജനത്തിലേറെപ്പേരും ആയിട്ടില്ല) مُّؤْمِنِينَ = വിശ്വസിക്കുന്നവർ
وَإِنَّ رَبَّكَ = എന്നാൽ നിന്റെ വിധാതാവ് لَهُوَ = തീർച്ചയായും അവൻ الْعَزِيزُ = അജയ്യ പ്രതാ(പനും)പിയാകുന്നു
الرَّحِيمُ = ദയാപര(നും)നായ

ദൈവത്തിലും അവന്റെ സന്മാർഗ സന്ദേശത്തിലും വിശ്വസിക്കാൻ ദൃഷ്ടാന്തങ്ങൾ കണ്ടേ പറ്റൂ എന്നു ശഠിക്കുന്നതിന്റെ പൊള്ളത്തരത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുകയാണീ സൂക്തങ്ങൾ. അവർ സദ്ബുദ്ധിയും സദുദ്ദേശ്യവുമുള്ളവരാണെങ്കിൽ സ്വന്തം ചുറ്റുപാടുകളിലേക്കൊന്ന് കണ്ണോടിക്കട്ടെ; വേണ്ടുവോളം ദൃഷ്ടാന്തങ്ങൾ കാണാം. എത്രയെത്ര സുന്ദരവും പ്രയോജനകരവുമായ സസ്യവർഗങ്ങളാണ് മണ്ണിൽ മുളച്ചുവളരുന്നത്! أَنبَتْنَا فِيهَا مِن كُلِّ زَوْجٍ كَرِيمٍ എന്നാണ് മൂലവാക്യം. ഈ സസ്യങ്ങൾ മുളപ്പിച്ചത് അവരല്ല, അവരുടെ കൃത്രിമ ദൈവങ്ങളുമല്ല. നാം, അല്ലാഹു ആണതെല്ലാം ഉളവാക്കുന്നത്. അക്കാര്യം ആർക്കും നിഷേധിക്കാനാവില്ല. ഈ സസ്യങ്ങൾ ജീവജാലങ്ങൾക്കു നൽകുന്ന പ്രയോജനങ്ങൾ എത്രയാണ്? അതിൽനിന്നാണവർ ആഹരിക്കുന്നത്, ഔഷധങ്ങളുൽപാദിപ്പിക്കുന്നത്. അവർ പാർപ്പിടങ്ങൾ നിർമിക്കുന്നതും അതുകൊണ്ടുതന്നെ. അവയുടെ കാഴ്ചതന്നെ അവരിൽ സൗന്ദര്യാനുഭൂതിയുണർത്തുന്നു. زوج ഇണയാണ്. വർഗം, തരം, കൂട്ടം തുടങ്ങിയ പ്രയോഗാർഥങ്ങളുമുണ്ട്. ഇവിടെ ഉദ്ദേശ്യം പ്രയോഗാർഥമാണ്. മാന്യമായതും മുന്തിയതും ഉദാരമായതുമാണ് كريم. അറബികൾ മുന്തിരിയെ 'കറം' എന്നു പറയും. മുന്തിരിയുടെ രുചിയും പോഷകഗുണവും പരിഗണിച്ചാണീ നാമകരണം. സസ്യങ്ങളിലൂടെ അവർ അനുഭവിക്കുന്ന പ്രയോജനങ്ങളും രസങ്ങളും അവയിൽ നിവേശിപ്പിച്ചത് അല്ലാഹുവല്ലാത്ത മറ്റാരെങ്കിലുമാണെന്ന് അവർക്കു തോന്നുന്നുണ്ടോ?

ഓരോ സസ്യത്തിന്റെയും ഫലങ്ങളും രൂപവും ആഗമനവും തിരോധാനവും പുനരാഗമനവുമെല്ലാം അല്ലാഹുവിന്റെ സൃഷ്ടിവൈഭവത്തെയും അനുഗ്രഹദാനത്തെയും മനുഷ്യന്റെ മരണാനന്തര ഉയിർത്തെഴുന്നേൽപ്പിനെയും പ്രകാശനം ചെയ്യുന്നുവെന്ന് സത്യാന്വേഷികൾക്ക് അനായാസം കണ്ടെത്താനാകും. എന്നിട്ടും ഈയാളുകൾ ശിക്ഷാ രൂപത്തിൽ വന്നുഭവിക്കുന്ന ദൃഷ്ടാന്തങ്ങൾ തന്നെ കാണണമെന്ന് വാശിപിടിക്കുന്നത് പടുവിഡ്ഢിത്തമല്ലാതൊന്നുമല്ല. ശിക്ഷയിലകപ്പെട്ടുകഴിഞ്ഞാൽ പിന്നെ അവർക്കു വിശ്വസിക്കാൻ അവസരമെവിടെ? ശിക്ഷയിറക്കുന്നത് തടയാനുള്ള വഴികളന്വേഷിക്കുകയാണ് ബുദ്ധിയുള്ളവർ ചെയ്യേണ്ടത്.

വാസ്തവത്തിൽ ദൃഷ്ടാന്തങ്ങളൊന്നും കാണാത്തതുകൊണ്ടല്ല ആളുകൾ സത്യ-ധർമങ്ങൾ കൈക്കൊള്ളാതിരിക്കുന്നത്. പ്രത്യുത, തങ്ങളുടെ ജഡികാസക്തികൾക്കും അഭിനിവേശങ്ങൾക്കും മുൻധാരണകൾക്കും പരമ്പരാഗതമായ ആചാര സമ്പ്രദായങ്ങൾക്കും ഇണങ്ങാത്തതൊന്നും വിശ്വസിക്കാനോ കൈക്കൊള്ളാനോ അവർ തയാറല്ല എന്നതാണ് യഥാർഥ കാരണം.

മുകളിൽ പറഞ്ഞ കാര്യങ്ങൾ അല്ലാഹുവിന്റെ عزة -ന്റെയും رحمة -ന്റെയും താൽപര്യമാണെന്ന് ഉണർത്തുകയാണ് وَإِنَّ رَبَّكَ لَهُوَ الْعَزِيزُ الرَّحِيمُ എന്ന വാക്യം. ഇഛിക്കുന്നതെന്തും നടത്താൻ കഴിയുന്ന, ആരാലും അതിജയിക്കപ്പെടാത്ത സർവപ്രതാപിയാണ് عزيز. ആളുകൾ ശിക്ഷ ചോദിച്ചാലും ഇല്ലെങ്കിലും ശിക്ഷിക്കേണ്ടവരെ ശിക്ഷിക്കാൻ അവന് ഒരു തടസ്സവുമില്ല. അതോടൊപ്പം അല്ലാഹു പരമ ദയാലുവുമാകുന്നു. عزة പോലെ رحمة -ഉം അവന്റെ സത്താ ഗുണമാകുന്നു. അതിനാൽ ആരെയും ശിക്ഷിക്കാൻ ബദ്ധപ്പെടുന്നില്ല. പാപങ്ങളിൽ പശ്ചാത്തപിച്ച് അല്ലാഹുവിലേക്ക് മടങ്ങാനും കർമജീവിതം സംസ്കരിക്കാനും ആഗ്രഹിക്കുന്നവർക്ക് അതിനവസരം നൽകുന്നു. അവസരം പ്രയോജനപ്പെടുത്തുന്നവർക്ക് അവന്റെ കാരുണ്യത്തിന്റെ തണൽ പ്രാപിക്കാം. എല്ലാവരും അങ്ങനെ ചെയ്യുന്നതാണ് അവന് ഏറെ ഇഷ്ടം. മനുഷ്യനു ലഭിച്ച സ്വാതന്ത്ര്യത്തിന്റെ ദുരുപയോഗമാണ് അവനെ ദൈവകാരുണ്യത്തിൽനിന്ന് അകറ്റുന്നത്. ഇവിടെ إِنَّ رَبَّكَ എന്ന ആഖ്യയെ لَهُوَ എന്ന് ആവർത്തിച്ചത് തുടർന്നു പറയുന്ന ദൈവിക ഗുണങ്ങളെ മുഴപ്പിച്ചുകാണിക്കുന്നതിനും അനുവാചകൻ അത് സവിശേഷം ശ്രദ്ധിക്കുന്നതിനും വേണ്ടിയാണ്. ക്ഷേമജീവിതത്തെയും ആയുർദൈർഘ്യത്തെയും തങ്ങളുടെ വിശ്വാസാചാരങ്ങളുടെ സാധുതക്കും സത്യതക്കും തെളിവായി ഉന്നയിക്കുന്നവരുടെ തെറ്റിദ്ധാരണ ദൂരീകരിക്കുന്നതാണ് ഈ ഗുണദ്വയങ്ങളുടെ ഊന്നിപ്പറയൽ. ഈ സൂറയിൽ وَإِنَّ رَبَّكَ لَهُوَ الْعَزِيزُ الرَّحِيمُ എന്ന സൂക്തം പലതവണ ആവർത്തിച്ചതു കാണാം. ഇവിടെ വ്യക്തമാക്കപ്പെട്ടതുതന്നെയാണ് എല്ലായിടത്തും അതിന്റെ ആശയം. ■